**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **25-06-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലേയ്ക്കുള്ള ബദൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ചോല-ഓടക്കുന്ന്-കരടിപ്പാറ-കുറുക്കൻകുണ്ട് വരെയുള്ള ഏകദേശം മൂന്ന് കിലോ മീറ്റർ ഭാഗം വനം വകുപ്പ് വിട്ടു നൽകുകയാണെങ്കിൽ അട്ടപ്പാടിയിലേയ്ക്ക് ബദൽ റോഡ് നിർമ്മിക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിട്ടുകൊടുക്കേണ്ടി വരുന്ന വനഭൂമിക്ക് പകരം വനത്തിനോട് ചേർന്ന ഭൂമി വാങ്ങി നൽകുന്നതിനും വനവത്കരണം നടത്തുന്നതിനും അഗളി പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | മണ്ണാർക്കാട്- ചിറക്കപ്പടിയിൽ നിന്നും കാഞ്ഞിരം-പൂഞ്ചോല-ഓടക്കുന്ന്-കരടിപ്പാറ-കുറുക്കൻകുണ്ട്-പാറവളവ് -മുണ്ടൻപാറ-കാരറ-ഇളിക്കടവ്-അഗളി വരെ ബദൽ റോഡ് നിർമ്മിക്കുന്നതിനായി ജനപ്രതിനിധികളും വനം വകുപ്പിലെയും മറ്റ് വകുപ്പുകളിലേയും ഉദ്യോഗസ്ഥർ ചേർന്ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | വിവിധ ജനപ്രതിനിധികൾ, വനം വകുപ്പിലേയും മറ്റ് വകുപ്പുകളിലേയും ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് പ്രസ്തുത സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. ടി പരിശോധന റിപ്പോർട്ടിൽ പാറവിള മുതൽ പൂഞ്ചോല വരെ ജി.പി.എസ് റീഡിംഗ് പ്രകാരം ഏകദേശം 5.06 കി.മീ ദൂരമുള്ളതും ആയത് പൂർണ്ണമായും വനഭൂമിയുമാണ്. പ്രസ്തുത റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം സമുദ്ര നിരപ്പിൽ നിന്നും 890 മീറ്റർ ഉയരത്തിലും ഏറ്റവും താഴ്ന്ന ഭാഗമായ പൂഞ്ചോല സ്ഥിതി ചെയ്യുന്നത് സമുദ്ര നിരപ്പിൽ നിന്ന് 180 മീറ്റർ ഉയരത്തിലുമാണ്. പ്രസ്തുത സ്ഥലത്തിന്റെ ഭൂഘടന ചെങ്കുത്തായ ചരിവുകൾ നിറഞ്ഞതും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും ഉരുൾപ്പൊട്ടലിനും ഏറെ സാധ്യതയുള്ള സ്ഥലമാണ്. പ്രസ്തുത റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വനഭൂമി വന്യജീവി പരിപാലനത്തിന് വളരെയധികം പ്രാധാന്യമുള്ളതും ജൈവസമ്പത്തുള്ള സൈലന്റ് വാലി വനമേഖലയെയും മുത്തിക്കുളം റസർവ്വിനെയും ബന്ധിപ്പിക്കുന്ന ആനത്താര ഉൾപ്പെടുന്നതുമായ ഒരു വനഭാഗവുമാണ്. ഇവിടെ ഒരു റോഡ് നിർമ്മിക്കുകയാണെങ്കിൽ വന്യജീവികളുടെ |

| | | | |
|---|---|---|---|
| | | | സഞ്ചാരപാത മുറിഞ്ഞു പോകാൻ ഇടയാകുകയും തൽഫലമായി മനുഷ്യ വന്യമൃഗ സംഘർഷം വർദ്ധിക്കാൻ ഇടയാകുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ പ്രസ്തുത വനപ്രദേശത്തിലൂടെ അട്ടപ്പാടിയിലേക്കുള്ള ബദൽ റോഡ് നിർമ്മാണം നടത്തുകയാണെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതം വളരെ വലുതായിരിക്കും |
| (സി) | പ്രസ്തുത ബദൽ റോഡ് നിർമ്മിക്കുന്നതിന് ആഭ്യന്തരം, റവന്യൂ, ആരോഗ്യം, പട്ടികവർഗ്ഗ വികസനം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നൽകിയ ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബദൽ റോഡ് നിർമ്മിക്കുകയാണെങ്കിൽ യാത്രാദൂരം കുറച്ച് അട്ടപ്പാടിയിൽ എത്തിച്ചേരാനും പ്രകൃതിക്ഷോഭങ്ങളിലും മറ്റും അട്ടപ്പാടി മേഖല ഒറ്റപ്പെടുന്നത് ഒഴിവാക്കാനും കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പൊതുമരാമത്ത് വകുപ്പ് , വനം വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് ജോയിന്റ് സർവ്വേ നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വനപ്രദേശത്തിലൂടെ റോഡ് നിർമ്മാണം നടത്തുകയാണെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതല്ല. |
| (ഇ) | പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ വനഭൂമി വിട്ടുനൽകുന്നതിനും അതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെയും വനം വകുപ്പിന്റെയും നേതൃത്വത്തിൽ ജോയിന്റ് സർവെ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പ് , വനം വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് ജോയിന്റ് സർവ്വേ നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വനപ്രദേശത്തിലൂടെ റോഡ് നിർമ്മാണം നടത്തുകയാണെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ